# അജിനപത്ര



എസ്.ഡി.പി.വൈ.ബി.എച്ച്.എസ്

പള്ളുരുത്തി



# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെയും ഹൈടെക്ക് സ്കൂൾ പദ്ധതിയുടെയും ഭാഗമായി കുട്ടികളിൽ ഐ.സി.ടി അധിഷ്ഠിത പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി തീർപ്പാക്കിയിട്ടുള്ള ഒരു പദ്ധതിയാണ് "**ലിറ്റിൽ കൈറ്റ്സ്**" ഇതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയതാണ് "**അജിനപത്ര**" മലയാളം കംമ്പ്യൂട്ടിങ്ങിന് പ്രാധാന്യം നൽകിക്കൊണ്ട് വിദ്യാർത്ഥികൾ തയ്യാറാക്കിയസഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ് ഈ ഇ-മാഗസിൻ.കുട്ടികളിലെ സാങ്കേതിക പരിജ്ഞാനം വളർത്തുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ ഈ പദ്ധതിയുടെ എല്ലാ പ്രവർത്തനങ്ങളിലും അധ്യാപകരുടെയും പങ്കാളിത്തം ഉണ്ട്.

# ആശംസ




വിവരസാങ്കേതികവിദ്യ കൂടുതൽ ഫലപ്രദമാക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിയിട്ടുള്ള ലിറ്റിൽ കൈറ്റ്സ് പദ്ധതിയുമായി ബന്ധപ്പെട്ട് മലയാളം കംപ്യൂട്ടിംങ്ങിൽ വൈദഗ്ധ്യം നേടുക എന്ന ഉദ്ദേശ്യത്തോടെ ഈ വിദ്യാലയത്തിലെ കുട്ടികൾ തയ്യാറാക്കിയ 'അജിനപത്ര' എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.പേരു സൂചിപ്പിക്കുന്നതുപോലെ പ്രതിസന്ധികൾ മറികടന്ന് ലക്ഷ്യത്തിലെത്തിച്ചേരാൻ സാധിക്കുമാറാകട്ടെ..

സ്നേഹപൂർവ്വം

എസ് ആർ ശ്രീദേവി

ഹെഡ്മിസ്ട്രസ്സ്



# കാളകൾ

തോളത്തു ഘനം തൂങ്ങും വണ്ടിതൻ
തണ്ടും പേറി കാളകൾ മന്ദം മന്ദമിഴഞ്ഞു
നീങ്ങീടുമ്പോൾ മറ്റൊരു വണ്ടിക്കാള
മാനുഷാകാരം പൂണ്ടിട്ടറ്റത്തു
വണ്ടികയ്യിലിരിപ്പൂ കൂനിക്കൂടി

ദുർവിധി കുടിച്ചെന്നും മിഴിനീർ
വറ്റിക്കയാൽ നിർവികാരകങ്ങ
ളാകണ്ണുകൾ നിർജീവങ്ങൾ
മന്നിന്റെ നിലയ്ക്കാത്ത പ്രഹരം
സഹിക്കയാൽ പുണ്ണുകൾ പടർ
ന്നിട്ടുണ്ടാവും കരൾക്കാമ്പിൽ

തോളത്തു ഘനം തൂങ്ങും കട്ടിലും
പേറികൊണ്ടു കാളകൾ നാലും മാത്രം
മിഴഞ്ഞു മുന്നേറുന്നു...

(ഓർക്കുക വല്ലപ്പോഴും)

പി. ഭാസ്കരൻ

# മലയാള ചെറുകഥ

'വിദ്യാവിനോദിനി' മാസികയിൽ 1891-ൽ (1066 കുംഭം) പ്രസിദ്ധീകരിച്ച വാസനാ വികൃതിയാണ് മലയാളത്തിലെ ആദ്യത്തെ ചെറുകഥ. പത്രപ്രവർത്തകനായിരുന്ന കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരാണ് വാസനാ വികൃതി രചിച്ചത്. കഥാകൃത്തിന്റെ പേരു വയ്ക്കാതെയാണ് ഈ ചെറുകഥ പ്രസിദ്ധീകരിച്ചത്. സി. എസ്. ഗോപാലപ്പണിക്കർ, മൂർക്കോത്തു കുമാരൻ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, അമ്പാടി നാരായണപ്പുതുവാൾ, എം. ആർ. കെ. സി., കെ. സുകുമാരൻ, ഇ. വി. കൃഷ്ണപിള്ള എന്നിവരായിരുന്നു പ്രമുഖരായ ആദ്യകാല കഥാകൃത്തുക്കൾ.

ഒന്നാം ഘട്ടം

പത്രമാസികകളുടെ പ്രചാരമാണ് ചെറുകഥയ്ക്ക് വായനക്കാരെ സൃഷ്ടിച്ചത്. ഈ അന്തരീക്ഷം ഒട്ടേറെ എഴുത്തുകാരെ ചെറുകഥയിലേക്ക് ആകർഷിച്ചു. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ശീവൊള്ളി നാരായണൻ നമ്പൂതിരി, പന്തളം കേരളവർമ്മ, സി. പി. അച്യുതമേനോൻ, അപ്പൻ തമ്പുരാൻ, സി. വി. കുഞ്ഞുരാമൻ, കാരാട്ട് അച്യുതമേനോൻ, തേലപ്പുറത്ത് നാരായണൻ നമ്പി, ചിത്രമെഴുത്ത് കെ. എം. വർഗീസ്, എം. രത്നം, എൻ. എം. ദാസ്, ഇ. ഐ. പങ്ങിയച്ചൻ, കണ്ണന്ത്ര കുഞ്ഞുണ്ണിനായർ, സി. ശങ്കരവാരിയർ, പി. ജി. രാമയ്യർ, അമ്പാടി കാർത്ത്യായനി അമ്മ, വി. പാർവതിയമ്മ, ടി. സി. കല്യാണിയമ്മ തുടങ്ങി ഒട്ടേറെ എഴുത്തുകാർ ആദ്യകാലത്ത് ചെറുകഥകളെഴുതിയിരുന്നു. ഈ ആദ്യഘട്ടത്തിന്റെ ഒടുവിൽ രംഗത്തു വന്ന കഥാകൃത്തുക്കളാണ് കെ. പി. കേശവമേനോൻ, ചേലനാട്ട് അച്യുതമേനോൻ, കെ. എൻ. എഴുത്തച്ഛൻ, എസ്. രാമാവാരിയർ, സി. എ. കിട്ടുണ്ണി, പാവുണ്ണി തൈക്കാട്, വിളാവട്ടത്ത് ശങ്കരപ്പിള്ള, കെ. എസ്. മണി തുടങ്ങിയവർ.

രണ്ടാം ഘട്ടം

1925 മുതൽ ചെറുകഥയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നു. വ്യക്തമായ സാമൂഹിക വീക്ഷണത്തോടുകൂടി എഴുതിയ ചെറുകഥകളുടെ ഘട്ടമാണത്. വി. ടി. ഭട്ടതിരിപ്പാട്, മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരി, എം. ആർ. ബി തുടങ്ങിയവരുടെ കഥകളാണ് ഇതിനുദാഹരണം. 1920-കൾ മുതൽ ലോകകഥയെ പരിചയപ്പെടുത്തിയും ചെറുകഥയുടെ സൗന്ദര്യശാസ്ത്രപരമായ പ്രശ്നങ്ങൾ ചർച്ച ചെയ്തും നിരൂപകനായ കേസരി ബാലകൃഷ്ണപിള്ള പുതിയൊരു സാഹിത്യാവബോധം മലയാളത്തിൽ സൃഷ്ടിച്ചു. ചെറുകഥയിലും നോവലിലും പരിവർത്തനം കൊണ്ടുവരാൻ ചെറിയ

സഹായമല്ല കേസരി ചെയ്തത്. ഒട്ടേറെ യൂറോപ്യൻ ചെറുകഥകൾ വിവർത്തനം ചെയ്തും കേസരി മാതൃക കാണിച്ചു. ജീവൽസാഹിത്യ പ്രസ്ഥനവും പുരോഗമന സാഹിത്യപ്രസ്ഥാനവും സാഹിത്യത്തിന് പുതിയ ലക്ഷ്യബോധം പകരുകയും ചെയ്തു. ഈ പരിവർത്തന ദശയിൽ ഉയർന്നു വന്ന അഞ്ചു കഥാകൃത്തുക്കൾ മലയാള കഥയുടെ സുവർണ്ണയുഗത്തിന്റെ സ്രഷ്ടാക്കളായി മാറി. എസ്. കെ. പൊറ്റക്കാട്ട്, പി. കേശവദേവ്, തകഴി ശിവശങ്കരപ്പിള്ള, വൈക്കം മുഹമ്മദ് ബഷീർ, പൊൻകുന്നം വർക്കി എന്നിവരാണവർ.

<u>സുവർണ്ണകാലം</u>

പൊൻകുന്നം വർക്കി, എസ്. കെ. പൊറ്റക്കാട്ട്, കേശവദേവ്, തകഴി, ബഷീർ എന്നീ അഞ്ചു പേരും ലളിതാംബിക അന്തർജ്ജനം, കാരൂർ നീലകണ്ഠപ്പിള്ള, ഉറൂബ് (പി. സി. കുട്ടികൃഷ്ണൻ), കെ. സരസ്വതിയമ്മ തുടങ്ങിയവരും ചേർന്നാണ് 1930- കൾക്കു ശേഷം മലയാള കഥയിലെ സുവർണ്ണയുഗം സൃഷ്ടിച്ചത്. റിയലിസത്തിന്റെ സന്ദേശമാണ് അവർ ഉയർത്തിയത്. അദ്ഭുതരസവും പരിണാമ ഗുപ്തിയും തൊലിപ്പുറമേയുള്ള ഫലിതവും നിറഞ്ഞ ആദ്യകാല കഥകളിൽ നിന്നുള്ള വമ്പൻ കുതിച്ചു ചാട്ടമാണ് ഈ തലമുറ നിർവഹിച്ചത്.

ദരിദ്രമനുഷ്യരുടെ ജീവിതവും അവർ നേരിടുന്ന ചൂഷണങ്ങളും രാഷ്ട്രീയസമരവും അധികാര വിമർശനവും ഈ കഥാകൃത്തുക്കളുടെ പ്രമേയമായി. വർക്കിയുടെ മന്ത്രിക്കെട്ട്, അന്തോണീ നീയുമച്ചനായോടാ, ശബ്ദിക്കുന്ന കലപ്പ, തകഴിയുടെ വെള്ളപ്പൊക്കത്തിൽ, കേശവദേവിന്റെ ഗുസ്തി, കൂൾഡ്രിങ്ക്, പ്രതിജ്ഞ, ബഷീറിന്റെ നീലവെളിച്ചം, ജന്മദിനം, ടൈഗർ, പൊറ്റക്കാട്ടിന്റെ ഒട്ടകം, ഏഴിലംപാല, കാട്ടുചെമ്പകം, നിശാഗന്ധി, കാരൂരിന്റെ മരപ്പാവകൾ, പൂവമ്പഴം, അരഞ്ഞാണം, ഉറൂബിന്റെ കിണർ, മോതിരം, പിശാചിന്റെ കുപ്പായം, അന്തർജനത്തിന്റെ മാണിക്കൻ, പ്രതികാരദേവത, സരസ്വതിയമ്മയുടെ പെൺബുദ്ധി, ചോലമരങ്ങൾ തുടങ്ങിയ എത്രയോ കഥകൾ ആ സുവർണ്ണഘട്ടത്തിന്റെ സ്മാരകങ്ങളായി നിലനിൽക്കുന്നു.

ഒട്ടേറെ പുതിയ എഴുത്തുകാർ 1940-കളിൽ ചെറുകഥാരംഗത്തെ വികസ്വരമാക്കി. പുളിമാന പരമേശ്വരപിള്ള, നാഗവള്ളി ആർ. എസ്. കുറുപ്പ്, വെട്ടൂർ രാമൻ നായർ, പോഞ്ഞിക്കര റാഫി, ടി. കെ. സി. വടുതല തുടങ്ങിയവർ ഈ കാലഘട്ടത്തിൽ ശ്രദ്ധേയരായിത്തീർന്നു. മുട്ടത്തു വർക്കി, വൈക്കം ചന്ദ്രശേഖരൻ നായർ, ചെറുകാട്, ഐ. കെ. കെ. എം., എം. പരമേശ്വരൻ നായർ, പെരുന്ന തോമസ്, എൻ. ഗോവിന്ദൻകുട്ടി, ടാറ്റാപുരം സുകുമാരൻ, ബി. മാധവമേനോൻ, ഡി. എം.

പൊറ്റെക്കാട്ട്, സി. അച്യുതക്കുറുപ്പ്, എസ്. കെ. ആർ. കമ്മത്ത്, ഇ. എം. കോവൂർ, എം. എൻ. ഗോവിന്ദൻ നായർ, വേളൂർ കൃഷ്ണൻ കുട്ടി, പി. കെ. രാജരാജവർമ, ആനന്ദക്കുട്ടൻ, എൻ. പി. ചെല്ലപ്പൻ നായർ, പി. സി. കോരുത്, വി. ടി. നന്ദകുമാർ, സരളാരാമവർമ, എസ്. കെ. മാരാർ തുടങ്ങി ഒട്ടേറെ കഥയെഴുത്തുകാർ 1940 കൾക്കു ശേഷം ഉയർന്നു വന്നവരാണ്.

മൂന്നാം ഘട്ടം

1950-കൾ മുതൽ ചെറുകഥ അന്നുവരെയുള്ളതിൽ നിന്നു വ്യത്യസ്തമായ വഴിയിൽ സഞ്ചരിക്കാൻ തുടങ്ങി. സാഹിത്യരൂപമെന്ന നിലയിൽ ചെറുകഥ ഏകാഗ്രവും സൂക്ഷ്മവുമായ ശില്പമായിത്തീർന്ന ഈ ഘട്ടത്തിലെ കഥകൾ ആന്തരികാനുഭവങ്ങൾക്കും മനോവൃത്തികൾക്കും പ്രാധാന്യം നൽകി. ബിംബ പ്രധാനമായ ആഖ്യാനരീതിയും പ്രാബല്യം നേടി. ഏകാകിയുടെ വേദനകൾ ആവിഷ്കരിക്കുന്ന കഥകളായിരുന്നു ഈ പുതുഭാവുകത്വത്തിലെ ശ്രദ്ധേയമായ രചനകളിൽ പലതും. എം. ടി. വാസുദേവൻ നായരുടെയും ടി. പദ്മനാഭന്റെയും കഥകളാണ് ഈ ഭാവപരിവർത്തനത്തിനു തുടക്കമിട്ടത്. എം. ടി. യുടെ ബന്ധനം, വളർത്തു മൃഗങ്ങൾ, കുട്ട്യേടത്തി, ഇരുട്ടിന്റെ ആത്മാവ്, പള്ളിവാളും കാൽചിലമ്പും, ഓപ്പോള്, വാരിക്കുഴി, സുകൃതം, അജ്ഞാതന്റെ ഉയരാത്ത സ്മാരകം, വാനപ്രസ്ഥം, ഷെർലക് തുടങ്ങിയ കഥകൾ അതിപ്രശസ്തമാണ്. കടയനെല്ലൂരിലെ ഒരു സ്ത്രീ, കാലഭൈരവൻ, പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി, മഖൻസിങ്ങിന്റെ മരണം, ഭയം, ഹാരിസൺ സായ്‌വിന്റെ നായ, ശേഖൂട്ടി, ഗോട്ടി, ഗൗരി തുടങ്ങിയ ഒട്ടേറെ പ്രശസ്ത കഥകളുടെ കർത്താവാണ് ടി. പദ്മനാഭൻ.

എൻ. പി. മുഹമ്മദ്, കെ. ടി മുഹമ്മദ്, പി. എ. മുഹമ്മദ് കോയ, സി. രാധാകൃഷ്ണൻ, കോവിലൻ, പാറപ്പുറത്ത്, ജി. എൻ. പണിക്കർ, തുളസി, നന്തനാർ, വിനയൻ, ജി. വിവേകാനന്ദൻ, ഉണ്ണികൃഷ്ണൻ പുതൂർ തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾകൂടി ചേർന്നതാണ് മൂന്നാംഘട്ടം.

ആധുനികത

ആധുനികതയുടെ കാലമാണ് ചെറുകഥയിലെ നാലാം ഘട്ടം. നഗരകേന്ദ്രിതമായ ആധുനിക സമൂഹത്തിൽ മാനുഷിക മൂല്യങ്ങളും മനുഷ്യാസ്തിത്വവും നേരിട്ട പ്രതിസന്ധികളും ജീവിതത്തിനുണ്ടായ അന്യവത്കരണവും ഏകാന്തതാബോധവുമൊക്കെയായിരുന്നു ആധുനികരുടെ വിഷയങ്ങൾ. ഒ. വി. വിജയൻ, മാധവിക്കുട്ടി, എം. പി. നാരായണപിള്ള, കാക്കനാടൻ, എം. മുകുന്ദൻ, സേതു, പുനത്തിൽ കുഞ്ഞബ്ദുള്ള, വി. കെ. എൻ., ടി. ആർ., കെ. പി. നിർമൽ കുമാർ,

മേതിൽ രാധാകൃഷ്ണൻ, എം. സുകുമാരൻ, പി. കെ. നാണു, യു. പി. ജയരാജ്, സി. ആർ. പരമേശ്വരൻ, സക്കറിയ, സി. വി. ശ്രീരാമൻ, പി. വത്സല, എസ്. വി. വേണുഗോപൻ നായർ, വൈശാഖൻ, മുണ്ടൂർ കൃഷ്ണൻ കുട്ടി, തുടങ്ങിയ ഒട്ടേറെപ്പേരുൾപ്പെടുന്നതാണ് ആധുനികതയുടെ തലമുറ. ഒ. വി. വിജയന്റെ എണ്ണ, അരിമ്പാറ, കടൽത്തീരത്ത്, കാറ്റ് പറഞ്ഞ കഥ, മാധവിക്കുട്ടിയുടെ പക്ഷിയുടെ മണം, നാവിക വേഷം ധരിച്ച കുട്ടി, പരുന്തുകൾ, നെയ്പ്പായസം, കാക്കനാടന്റെ ശ്രീചക്രം, നിഷാദസങ്കീർത്തനം, യൂസഫ് സരായിയിലെ വ്യാപാരി, കുഞ്ഞമ്മപ്പാലം, എം. പി. നാരായണപിള്ളയുടെ ജോർജ്ജ് ആറാമന്റെ കോടതി, മുരുകൻ എന്ന പാമ്പാട്ടി, എം. മുകുന്ദന്റെ രാധ രാധമാത്രം, അഞ്ചര വയസ്സുള്ള കുട്ടി, ദൽഹി 1981 തുടങ്ങിയ കഥകൾ ആധുനിക ചെറുകഥയുടെ മികച്ച മാതൃകകളാണ്.

## ആധുനികതയ്ക്കു ശേഷം

ആധുനികതയുടെ പ്രഭാവ കാലത്തു തന്നെ അതിൽ നിന്നു വ്യത്യസ്തമായി എഴുതാൻ ശ്രമിച്ച ഒരുപറ്റം കഥാകൃത്തുക്കൾ രംഗത്തു വന്നു. വി. പി. ശിവകുമാർ, എൻ. എസ്. മാധവൻ, അയ്മനം ജോൺ, യു. കെ. കുമാരൻ, സി. വി. ബാലകൃഷ്ണൻ, സാറാ ജോസഫ്, എൻ. പ്രഭാകരൻ, അഷ്ടമൂർത്തി, ടി. വി. കൊച്ചു ബാവ, വി. ആർ. സുധീഷ്, അക്ബർ കക്കട്ടിൽ, എം. രാജീവ് കുമാർ, മാനസി, ഇ. വി. ശ്രീധരൻ തുടങ്ങിയവയെല്ലാം ഈ തലമുറയിൽ ഉൾപ്പെടുന്നു. വിശാലാർത്ഥത്തിൽ ആധുനികതയുടെ ഭാഗമാണ് ഈ എഴുത്തുകാരും.

## ഉത്തരാധുനികത

1990- കൾ മുതൽ ആവിർഭവിച്ച ഭാവുകത്വത്തെയാണ് ഉത്തരാധുനികതയെന്നു വിശേഷിപ്പിക്കുന്നത്. കഴിഞ്ഞ തലമുറയിൽപ്പെട്ടവരും ഈ പുതുഭാവുകത്വ രീതി സ്വാംശീകരിച്ചു കഴിഞ്ഞിട്ടുണ്ട്. തോമസ് ജോസഫ്, വി. വിനയകുമാർ, അശോകൻ ചരുവിൽ, സുഭാഷ് ചന്ദ്രൻ, സന്തോഷ് ഏച്ചിക്കാനം, ബി. മുരളി, ഉണ്ണി ആർ. തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾ ഉൾപ്പെടുന്നതാണ് ചെറുകഥയുടെ ഈ വർത്തമാനകാല തലമുറ.

# മഞ്ഞുതുള്ളി

പോകൊല്ലേ പോകെല്ലേ ഞങ്ങളെക്കൈവിട്ടു
നാകത്തേക്കെൻ മഞ്ഞുതുള്ളികളേ
പൂകളെങ്ങുമേ നിങ്ങുമേ നിങ്ങളാൽ മിന്നുന്ന
കൽമുടി ചൂടിന റാണിമാരായ്
സൂനങ്ങൾ നിങ്ങളാലേന്തുന്ന നിർഭര
മാനന്ദബാഷ്പവും പുഞ്ചിരിയും
താണവർതൻ പേരിലിത്രമേലാർദ്രത
കാണവാനെങ്ങുണ്ടു മന്നിൽ വേറെ?
രാവിൽ വന്നിങ്ങനെ മേളിക്കും നിങ്ങൾതാൻ
ദൈവത്തിൻ കാരുണ്യ കന്ദങ്ങൾ
അത്രമേൽ ശ്വേതങ്ങ,ളത്രമേൽ ശീതങ്ങ-
ളത്രമേൽപ്പൂതങ്ങൾ നിങ്ങളെല്ലാം
എന്തിത്ര പെട്ടെന്നു പോകുന്നു? ഞങ്ങക്കു
വന്ധ്യങ്ങളാക്കൊല്ലേ കണ്മിഴികൾ
നിദ്രയിലാണ്ടുപോയ് രാവെല്ലാം; തന്മൂല-
മൊത്തില്ല നേരത്തേ വന്നുചേരാൻ
ആതിഥ്യം

# അടിയുടെ രഹസ്യം

ജപ്പാനിലെ മഹാനായ സന്യാസിയായിരുന്ന  ഹാചി
രു. നടന്നുകഴിഞ്ഞതും നടക്കാഞ്ഞിരിക്കുന്നതുമെല്ലാം
അറിയുന്ന ഒരു മഹാനായിരുന്നു ഹാചിരു.

ഒരിക്കൽ ജിറോ എന്ന യുവാവ്

ഹാചിരുവിനെ കാണാനെത്തി . പോയിട്ടു കുറച്ചു കഴിഞ്ഞു വരൂ എന്ന് ഹാചിരു പറഞ്ഞു .

പക്ഷേ തനിക്ക് ഇപ്പോൾ തന്നെ ശിഷ്യനാവണമെന്ന് യുവാവ് വാശി പിടിച്ചു .

ഒടുവിൽ  ഹാചിരു  പറഞ്ഞു. ശരി നിർബന്ധമാണെങ്കിൽ  കൂടെ
കൂടിക്കോളൂ പക്ഷെ  ഞാനെന്തു ചെയ്താലും കാരണം ചോദിക്കരുത്
അങ്ങനെ ചെയ്യെന്നിരിക്കട്ടെ അപ്പോൾ  ആ നിമിഷം തന്നെ  നിന്നെ
പറഞ്ഞുവിടും . ജിറോ സമ്മതിച്ചു .ഹാചിരു ജീറോയെയും കൂട്ടി യാത്ര
പോയി. ഒരു നാട്ടുവഴിയിലൂടെ  നടക്കുകയായിരുന്നു.

അവർ ഒരു കുട്ടി കുതിരപ്പുറത്ത് എതിരെ വരുന്നുണ്ടായിരുന്നു .പെട്ടെന്നു
ഹാചിരു ആ കുട്ടിയെ
വഴിയിൽ  തടഞ്ഞു പിന്നെ കുതിരപ്പുറത്തേക്കു
ചാടികയറി ആ കുട്ടിയുടെ കൈയിലുണ്ടായിരുന്ന
പണക്കിഴി  പിടിച്ചു പറിച്ചു. അപ്പോഴേക്കും ആ കുട്ടി
നിലത്തേക്കു വീണു കരയാൻ തുടങ്ങി  ശേഷം ഹാചിരു മുന്നോട്ടു
നടന്നു. അതു കണ്ട ജീറോ ഞെട്ടി
പ്പോയി ഹാചിരുവിന്റെ മുഖത്തേക്കു നോക്കി പറഞ്ഞു. മഹാനെന്ന്
എല്ലാവരും കരുതുന്നത് കള്ളമായിരുന്നു. ഇനി ഞാൻ ഈ
കള്ളസന്ന്യാസിയുടെ കൂടെ നിൽക്കില്ല . നിങ്ങൾ എന്തു ദ്രോഹമാണു
കാണിച്ചത് ആ പാവം കുട്ടിയോട്? ഹാചിരു ഒന്നും പറായാതെ
മുന്നോട്ടു നടന്നു എന്നിട്ട് ആ പണം പുഴയിലേക്ക്
വലിച്ചെറിഞ്ഞു. ജീറോ വീണ്ടും പറഞ്ഞു .

തെളിവ് നശിപ്പിക്കാനാണൊ  പണം കൊള്ള യടിച്ചത് . എന്നിട്ട് ഹാചിരു പറഞ്ഞു ഞാൻ  ഇപ്പോൾ അവനെ തിരിച്ച വിട്ടില്ലെങ്കിൽ അവൻ അത് അപകടം  സംഭവിക്കുക തന്നെ ചെയ്യും  അവന്റെ ആ നല്ല ഭാവിക്കു വേണ്ടിയാണ് ഞാൻ അങ്ങനെ ചെയ്തത് . ഇത് കേട്ട ജീറോ അത് വിശ്വസിച്ചൊന്നുമില്ല. അപ്പോഴാണ് ആ കുട്ടിയുടെ  അമ്മ വന്ന് ഹാചിരുവിനോട് നന്ദി പറയുന്നത് കണ്ടപ്പോൾ ജീറോയ്ക്ക് മനസ്സിലാവുകയും ഹാചിരു യോട് ക്ഷമ ചോദിക്കുകയും  ചെയ്തു.




***ജോർജ്ജ് ജോയൽ***

***9D***

# എന്റെ പ്രകൃതി

കണ്ണിനമൃതം പകരുമെൻ പ്രകൃതി
മണ്ണിൻ മണം പേറുമെൻ പ്രകൃതി
തിങ്ങും മലകളരുവി നദീകളും
തെങ്ങും കവുങ്ങും അതി മോഹനം
കുന്നും കലപ്പയും മലയംലതാതികൾ
കുന്നും നിറഞ്ഞതാണെൻ പ്രകൃതി
കാവുകളിനപ്പുറം തത്തക്കിളികളും
കൂകി വിളിക്കും കുയിലുകളും
ഉള്ളിലാനുഭൂതി ഏകുമികാഴ്ചകൾ
തള്ളിക്കളയുന്നതെങ്ങനെ നാം
ഓമനിച്ചീടുകയാണ് ഞാൻ എന്നുള്ളിൽ
ഓർമയിൽ നീങ്ങുമീ കാഴ്ചകളെ
ഓർമയിൽ നീങ്ങുമീ കാഴ്ചകളെ .........

വൈശാഖ് സി.ജെ



# പഴഞ്ചൊല്ലുകൽ

*അനുഭവമാണ് മഹാഗുരു

* അടി തെറ്റിയാൽ ആനയും വീഴും

* അരി എത്ര പയർ അഞ്ഞാഴി

* അക്കരയോട്ടു പോയതുമില്ല ഇക്കരയോട്ടു നിന്നതുമില്ല

* അക്കരെ നിന്നാൽ ഇക്കരെ പച്ച

* അറിയാത്ത പിള്ള ചൊറിയുമ്പോൾ അറിയും



അൽ അമീൻ വി ജെ

*ലിറ്റിൽ കൈറ്റ്സ്*

# എന്റെ വിദ്യാലയം

അമ്പലമണിയും ആൽത്തറയും
എൻ വിദ്യാലത്തിൻ പൂമുറ്റം
ശ്രീ നാരായണ ഗുരുവിൻ പാദ-
സ്പർശമേറ്റ തിരുമുറ്റം
ഒരു ജാതി ഒരു മതം ഒരു ദൈവമെന്ന
ഗുരുവിൻ വാക്കുകളാണെൻ
വിദ്യാലയത്തിൻ ഐശ്വര്യം
വലിയവനില്ല ചെറിയവനില്ല
സമത്വ ഭാവന വിരിയുമിടം
സർഗ ഭാവന വിടരുമിടം
അറിവ് പകർന്നും സ്നേഹം നൽകിയും
കൊഞ്ചിച്ചീടുമെൻ ഗുരുനാഥൻ
പൂമ്പാറ്റകൾ പോൽ പാറിനടന്നും
അറിവുകൾ നേടി ഓടിനടന്നും
വളർന്നീടും ഞാൻ നടന്നീടും ഞാൻ
സ്വർഗമാണെൻ വിദ്യാലയം
ഭാഗ്യമാണെൻ വിദ്യാലയം

മുഹമ്മദ് അമീർ
*ലിറ്റിൽ കൈറ്റ്സ്*








അമീർഷാ

ഭിന്നശേഷിദിനാചരണത്തോടനുബന്ധിച്ച് നടത്തിയ ചിത്രരചനയിൽ അമീർഷാ വരച്ച ചിത്രം






വിസ്മയ് ടി എം

സബ്ജില്ലാതല സ്കൂൾ ശാസ്ത്രോത്സവത്തിന് വേണ്ടി വിസ്മയ് ടി എം വരച്ച ലോഗോ തെരെഞ്ഞെടുക്കപ്പെട്ടു.



ലഹരി വിമുക്ത ക്ലബിന്റെ നേതൃത്വത്തിൽ നടന്ന
ലഹരി വിമുക്ത റാലി




പ്ലാസ്റ്റിക് നിർമ്മാർജ്ജനം:ഉപജില്ലാതലത്തിലേക്ക്
മൽസരിക്കാൻ അർഹത നേടിയ സൃഷ്ടി

# എന്റെ ഗ്രാമം

കാത്തിരിക്കുന്നു ഞാൻ ആ
നല്ല നാളിന്റെ  ആഗമനത്തി
നായി മൂകനായി
ആശ്ചര്യമില്ലാതെ അങ്കലാപ്പില്ലാതെ
കാത്തിരിക്കുന്നു ഞാൻ ഏകനായി

ഓർക്കുന്നു ഞാനി മരുഭൂമിയിൽ നിന്ന്
ദൈവനാടിന്റെ ആ ഗ്രാമ ഭംഗി
ഓർക്കാതിരിക്കാൻ കഴിയില്ലെനിക്കിന്ന്
വിരഹ ദു;ഖത്തിന്റെ വേദനയിൽ

മകരമാസത്തിന്റെ മഞ്ഞിൽ വിരിയുന്ന
പൂക്കളെ കാണുവാൻ എന്തു ഭംഗി.
കലപില  ശബ്ദമായി നിദ്രയുണർത്തുന്ന
കിളികളെ കാണുവാനെന്തു ഭംഗി

കുന്നും മലകളും പാടങ്ങളുമുള്ള
ഒരു കൊച്ചു ഗ്രാമമാണ് എന്റെ ഗ്രാമം
ടാറിട്ട റോടില്ല വൈദ്യുതിയുമില്ല
ഓലയായി മേഞ്ഞുള്ള കുരകളും

നിദ്രയുണർന്നു ഞാൻ  നേരെ നടന്നല്ലോ

ആ കൊച്ചു പാടവരമ്പിലൂടി
മകരമാസത്തിന്റെ മഞ്ഞിൻ കണങ്ങളെ
മുത്തുപോൽ തഴുകിയ പുല്ലിലൂടെ

ഞാറു പറിക്കുന്ന പെണ്ണുങ്ങളുണ്ടിന്നു
ഉഴുതു മറിക്കുന്നൊരാണുങ്ങളും
കർഷക പാട്ടിന്റെ ആ നല്ല വരികളെൻ-
എന്റെ മനസ്സിനെ തൊട്ടുണർത്തി

വിദ്യലയങ്ങൾക്കവധിയുണ്ടാകുമ്പോൾ
കുട്ടികൾ തെരുവിൽ നിറഞ്ഞിരുന്നു
ബാലിക ബാലന്മാർ ഒന്നായി നിറഞ്ഞത്
ഗ്രാമത്തിനൈശ്വര്യദീപംപോലെ

മീനുപിടിച്ചതും തുമ്പീപ്പിടിച്ചതും
ചെളിയിൽ കളിച്ചതും ഓർമ തന്നെ
പുളയും മാങ്ങയും പങ്കിട്ടു തിന്നത്
ബാല്യകാലത്തിന്റെ സ്മരണതന്നെ



വൈശാഖ് സീ.ജെ
9 ഡി
*ലിറ്റിൽ കൈറ്റ്സ്*

# വർണ്ണചായിക

വർണ്ണങ്ങൾ വാരിവിതറുന്നു
രോമചായികയാൽ
തുടുക്കുന്നു ഭഗവാൻതൻ
വദനവും ചുണ്ടും ചോപ്പാൽ
ദേവനേതെന്നറിയില്ലെന്നാലും
ചായം പകർന്നതെണ്ണത്തിൽ
കുറഞ്ഞെന്നാലടിവീഴ-
മുറപ്പെന്നറിയുന്നവൻ
താനായ്‌നൽകിടുംവേഷ
പ്പകർച്ചയാൽ പൂജാമുറിക
ളിലിരുന്നു കാണിക്ക,നിവേദ്യ
ങ്ങളേറ്റ് വാങ്ങവേ,
അറിയുന്നുവോ ഭഗവാനീ
ഒട്ടിയവയറോടെ
കളിയെന്തെന്നറിയാതെ
അക്ഷരമറിയാതെ
നാടായനാടെല്ലാമലയുമീ
കുറുമ്പനായോരുബാലനേയു
മവന്റെകുറുമ്പിനായ്
കൊതിക്കുമാമനവും



പി കെ ഭാസി മാസ്റ്റർ

## ഉച്ചവെയിൽക്കാഴ്ച്ചകൾ

ഉള്ളുലച്ചീടുന്ന ചിന്തകൾക്കെന്തിനോ
ഉണ്മതൻനോവിൻരുധിരഗന്ധം
ആർത്തലയ്ക്കുന്നൊരായമ്മതൻ നെഞ്ചകം
കനവിൽ തെളിഞ്ഞുമറിഞ്ഞു നിൽക്കേ

കേൾക്കുന്നവാക്കുകൾ കാണുന്ന കാഴ്ച്ചകൾ
വിങ്ങലായ് ഹൃത്തിനെയാർദ്രമാക്കേ
ഉച്ചവെയിൽക്കാഴ്ച്ചപോലെ തെളിഞ്ഞവ
കത്തിയടരാർന്നുയർന്നു നിൽക്കേ

രണ്ടു നേരംപോലുമുണ്ടുറങ്ങീടുവാൻ
വയ്യാതെ നാളുകൾ നിങ്ങീടവേ
പുത്രനൊരു നിലയെത്തുന്നതു കണ്ടു
കണ്ണടച്ചീടുവാൻ കാത്തീടവേ

ഇനിയുള്ള നാളുകൾ തന്മകൻതാനൊര-
രാശ്വാസമേകുമെന്നോർത്തീടവേ
ഓരോ ദിനവും പൊഴിഞ്ഞുപോകുമ്പോഴാ

സ്വപ്നത്തിരികൾ തെളിഞ്ഞീടവേ

ഘോരാന്ധകാരത്തിലേക്കെറിഞ്ഞിന്നൊരു
രക്തസാക്ഷിമണ്ഡപത്തിലേറി
ഉച്ചവെയിലിൽ കരിഞ്ഞൊരാ മോഹങ്ങൾ
ഉൾക്കൊള്ളാനാവാതെ സ്തബ്ധയായി

ഒരുനേർച്ചക്കോഴിപോലിന്നീക്കുരുതിക്കു
തൻമകൻ പാത്രമാണെന്നതോർക്കേ
ഹൃത്തടം പൊട്ടിത്തകർന്നൊരായമ്മതൻ
ഹൃത്തിന്റെ നോവുമൊരാഘോഷമായ്



അമ്പിളി പനങ്ങാട്
(സംസ്കൃതം അദ്ധ്യാപിക)

## സ്കൂൾ ചിത്രങ്ങൾ

# പുസ്തക പ്രദർശനം





# സ്വാതന്ത്ര്യ ദിനാഘോഷം





# ഓണാഘോഷം

# പരിസ്ഥിതി ദിന പ്രവർത്തനം







# കായിക ദിനം





# *Thoughts*

*- Agreement get better result than argument.*

*- A teacher , a student , a paper , a pen can change the world.*

*- Education is the best way to go to  a good person.*

*- when we fail do not think we are a loser and think i  can do it again by trying.*

## *THE NATURE*

***God wish nature with us,***
***nature give us happy,***
***The nature has the sun , the moon, and***
***Stars on the sky***
***And other scenario***

***But we do not think about this***
***we disturb and kill the nature***
***When we think of cutting trees***
***nature think of destroying us***

***By***
***Muhammed Ajmal***
***9B***



# പി ടി എ പൊതുയോഗം



# EDITORS



ഷിജി സി എസ്



Al-Ameen V.J.
9 D



Mohammed Ameer
9 B